(സി) ഇക്കാര്യം സംബന്ധിച്ച് സംസ്ഥാന ആഭ്യന്തര വകുപ്പ് എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളത്;

(ഡി) ഇത്തരം സാമ്പത്തിക ക്രമക്കേടുകൾ, അന്യ സംസ്ഥാന ബന്ധമുള്ള തീവ്രവാദ കേസുകൾ എന്നിവയെക്കുറിച്ച് അന്വേഷിക്കുന്നതിന് കേന്ദ്ര ഏജൻസികളുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ,

(എ) ഉണ്ട്. 51 കേസുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) അന്വേഷണാവസ്ഥയിലുള്ള സിക്കിം/ഭൂട്ടാൻ ലോട്ടറി കേസുകളിൽ നടത്തിവരുന്ന അന്വേഷണങ്ങൾ മോണിറ്റർ ചെയ്യുന്നതിന് ഡോ. സിബി മാത്യൂസ് ഐ.പി.എസിന്റെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് മേൽപ്പറഞ്ഞ കേസുകളുടെ അന്വേഷണം മോണിറ്റർ ചെയ്തുവരുന്നു. അന്വേഷണം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട അന്വേഷണോദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ആഭ്യന്തര വകുപ്പിൽനിന്നും ഇത് സംബന്ധിച്ച് കേന്ദ്ര ഏജൻസികളുടെ സഹായം ആവശ്യപ്പെട്ടിട്ടില്ല.

തെരുവുനായ്ക്കളുടെ ശല്യം അവസാനിപ്പിക്കാൻ നടപടി

13(*43) ശ്രീ. കെ. അച്ചുതൻ :
ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തെരുവ് നായ്ക്കളുടെ ക്രമാതീതമായ വർദ്ധനവുമൂലം പൊതുജനത്തിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) തെരുവ് നായ്ക്കളുടെ ഉപദ്രവം ഇല്ലാതാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി നടപ്പിലാക്കേണ്ട പൊതുവായ എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) തെരുവ് നായ്ക്കളുടെ ശല്യം ശാശ്വതമായി പരിഹരിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെകീഴിലും അവയ്ക്കായി ഷെൽട്ടൽ സ്ഥാപിക്കണമെന്ന നിർദ്ദേശം കർശനമായി നടപ്പിലാക്കാൻ നിർദ്ദേശം നൽകുമോ;

(ഡി) തെരുവ് നായ്ക്കളുടെ കടിയേൽക്കുന്ന പൊതുജനത്തിന് മതിയായ ചികിത്സാ സൗകര്യവും നഷ്ടപരിഹാരം നൽകുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്വമുണ്ടാകുന്ന തരത്തിലുള്ള നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : സർ,

(എ) ഉണ്ട്.

(ബി) തെരുവ് നായ്ക്കളെ കൊല്ലുന്നത് ബഹു. സുപ്രീം കോടതി തടഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇവയെ വന്ധ്യംകരിച്ച് പ്രജനനം തടയുകയും, പേവിഷബാധയ്ക്ക് കുത്തിവയ്പ് നൽകുകയും ചെയ്യുന്ന രീതിയിലാണ് സ്വീകരിച്ചു വരുന്നത്. കേന്ദ്ര സർക്കാരിന്റെ 2001-ലെ Animal Birth Control

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(Dogs) Rules പ്രകാരം അനിമൽ വെൽഫയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ/ആന്റി റാബിസ് പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള ചെലവിന്റെ 50% അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ വഹിക്കേണ്ടതാണ്. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ ആവിഷ്കരിച്ചിരിക്കുന്ന പ്രസ്തുത പ്രോഗ്രാമിന് ബോർഡുമായി വേണ്ടുന്ന കരാറിലേർപ്പെട്ട് ധനസഹായം നേടി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കാനും ഇക്കാര്യം സമയബന്ധിതമായി നടപ്പിൽ വരുത്തുവാനും പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗ സംരക്ഷണ വകുപ്പിന്റെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ പേവിഷബാധ നിയന്ത്രണം സംബന്ധിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതി

14(*44) ശ്രീ. കെ. രാജു :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ, ഈ പദ്ധതിയിൻകീഴിൽ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് വെളിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : സർ,

(എ) ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം.) പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാനതലത്തിൽ ഒരു കോർഗ്രൂപ്പ് രൂപീകരിക്കുകയും എൻ.ആർ.എൽ.എം. നിർവ്വഹണത്തിനായുള്ള കരട് പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

ദരിദ്ര കുടുംബങ്ങളിൽനിന്ന് ഒരാളിനെയെങ്കിലും സ്വയംസഹായ സംഘങ്ങളിൽ അംഗങ്ങളാക്കുക, സ്വയംസഹായ സംഘങ്ങൾക്കായുള്ള പരിശീലനവും ശേഷി വർദ്ധിപ്പിക്കൽ പരിപാടികളും സംഘടിപ്പിക്കുക, ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് റിവോൾവിംഗ് ഫണ്ട്, മൂലധന സബ്സിഡി, പലിശ സബ്സിഡി, അടിസ്ഥാന സൗകര്യവികസനം എന്നിവ ലഭ്യമാക്കുക എന്നിവയാണ് എൻ.ആർ.എൽ.എം. പദ്ധതിയിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രധാന പരിപാടികൾ.

LIBRARY ARCHIVES Kerala Legislative Assembly